# പണം: ഒരു ചരിത്ര അവലോകനം.

കാർഷികവൃത്തി ആരംഭിച്ച കാലഘട്ടങ്ങളിൽ, അവികസിത ഉത്പന്ന-സേവന നിർമ്മാണ ശേഷിയുള്ളവരും, അപര്യാപ്ത ഉത്പന്ന-സേവനങ്ങൾ ലഭിച്ചിരുന്നവരും, അപരിഷ്കൃത മനുഷ്യമൂല്യങ്ങൾ പാലിച്ചിരുന്നവരും, അംഗസംഖ്യാ പരിമിതരും, അനവധി ചെറുഗോത്രങ്ങളിൽ ജീവിച്ചിരുന്നവരുമായിരുന്നു വിവേകം വികസിച്ചു വന്നിരുന്ന നമ്മുടെ പൂർവ്വീകർ.

ആ കാലഘട്ടങ്ങളിലും നാം ആജീവനാന്തം ഉപജീവനത്തിനു വേണ്ട ഉത്പന്ന സേവനങ്ങൾ സ്വമേധയാ കണ്ടെത്താൻ പ്രാപ്തരല്ലാത്തവരും Working Arge Group- ലുള്ളവർ പ്രതിദിനം ചിലവഴിക്കുന്ന പ്രവർത്തി സമയ അളവിൽ നിന്നും [ATWT on ED]ലഭിക്കുന്ന ഇവ ഒരു സമൂഹത്തിലെ ആബാലവൃദ്ധജനങ്ങളും ഉപഭോഗിക്കുകയും ആണ് ചെയ്തിരുന്നത്. എന്നാൽ, ആ സമയത്തെ മുതിർന്ന തലമുറയിലെ പുരുഷഅംഗങ്ങൾ "ഓരോ വ്യക്തിയും Working Age Time-ൽ താൻ ATWT on ED യിലേക്ക് നൽകുന്ന പ്രവർത്തി-സമയ അളവുകൾ വിനിമയം നടത്തിവേണം ആജീവനാന്തം വേണ്ട ഉത്പന്ന-സേവനങ്ങൾ കണ്ടെത്തേണ്ടത്" എന്നായിരുന്നില്ല അവരുടെ പിൻ തലമുറകളോട് നിർദേശിച്ചിരുന്നത്. അഥവാ, 5th Principle of Time പാലിക്കുകയല്ല ചെയ്തിരുന്നത്. അതിനു പകരം അവർ അവരുടെ പിൻതലമുറകൾ Working Age സമയത്ത് ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാൻ ചിലവഴിക്കുന്ന പ്രവർത്തി-സമയങ്ങളുടെ മേലും ഇവ നിർമ്മിക്കാൻ അവർക്കു ആവശ്യം വേണ്ട വിഭവങ്ങൾ അറിവുകൾ [വിദ്യാഭ്യാസം] എന്നിവയുടെമേലും നിയന്ത്രണം കൈവശപ്പെടുത്തുകയാണ് ചെയ്തത്.

വായുപോലെ ഭൂമിയിലെ എല്ലാ മനുഷ്യർക്കും അതിജീവനത്തിനായി ലഭ്യമാകുന്ന മറ്റു ഘടകങ്ങളാണ് സമയവും വിഭവങ്ങളും അറിവും. അതിന്മേൽ മറ്റൊരു വ്യക്തി നിയന്ത്രണമേർപ്പെടുത്തുക എന്നുള്ളത് ന്യായമായ മാർഗ്ഗങ്ങളിലൂടെ സാധ്യമല്ല. ആയതിനാൽ അന്നു ജീവിച്ചിരുന്നവരിലെ മുതിർന്നതലമുറയിലെ പുരുഷഅംഗങ്ങൾ ഇവയുടെ നിയന്ത്രണം കൈവശപ്പെടുത്താൻ അന്യായവും അധാർമ്മീകവും നിർബന്ധിതവുമായ നാലു മാർഗ്ഗങ്ങളാണ് പ്രധാനമായും സ്വീകരിച്ചു വന്നത്, ലക്ഷ്യം സംഘത്തിലെ എല്ലാ പ്രായത്തിലുള്ള അംഗങ്ങൾക്കും ഉത്പന്ന സേവനങ്ങൾ ലഭ്യമാക്കുക എന്നുള്ളത് തന്നെ ആയിരുന്നെങ്കിലും.

1. ഉത്പന്നങ്ങൾ സേവനങ്ങൾ വിഭവങ്ങൾ അറിവുകൾ എന്നിവയുടെ ഉടമസ്ഥാവകാശം മുതിർന്ന തലമുറയിലെ അംഗങ്ങൾ ബലമായും ഭയപ്പെടുത്തിയും അന്ധമായ വിശ്വാസങ്ങൾ പ്രചരിപ്പിച്ചും വ്യക്തികളുടെയും സംഘങ്ങളുടെയും പേരിൽ സ്ഥാപിച്ചുവെക്കുക. പിൻ തലമുറയിലെ Working Age-ലുള്ളവർ ഉപഭോഗിക്കാനുതകുന്ന മറ്റൊരു ഉത്പന്നമോ, സേവനമോ പ്രതി ഫലമായി നൽകുമ്പോൾ മാത്രം ഇവ അവർക്കു നൽകുക.

2. Working Age-ലുള്ള യുവതീ യുവാക്കളുടെ ഉടമസ്ഥാവകാശം ബലമായി സ്ഥാപിച്ചെടുത്ത് ഇവരെ അടിമകളാക്കിവക്കുക. കൈവശപ്പെടുത്തിവച്ചിരിക്കുന്ന അറിവും, വിഭവങ്ങളും ഇവരുടെ പ്രവർത്തി-സമയവും ഉപയോഗിച്ച് ഉത്പന്ന സേവനങ്ങൾ നിർമ്മിക്കുകയും ഉപഭോഗിക്കുകയും ചെയ്യുക.

3. പുരുഷവർഗ്ഗം ഇപ്രകാരം സ്വന്തം പേരിലാക്കി വച്ചിരിക്കുന്ന വിഭവങ്ങൾ അവരുടെ ജീവിതകാലം കഴിയുമ്പോൾ പിൻതലമുറയിലെ മറ്റാർക്കും തന്നെ നൽകാതെ സ്വന്തം സന്ത തികൾക്കു മാത്രം നൽകുക. സ്വന്തം സന്തതികളെ മാത്രം സൃഷ്ടിക്കാൻ സ്ത്രീകളുടെ ഉടമ സ്ഥാവകാശവും സ്വന്തം പേരിൽ തന്നെ നേടിയെടുക്കുക. ആജീവനാന്തം സന്തതികളുടെ പിതാവിനോടൊപ്പം കഴിയാൻ ഇവരെ നിർബന്ധിക്കുകയും ഇതര പുരുഷ സംസർഗ്ഗം ഇവർക്ക് നിഷേധിക്കുകയും ചെയ്യുക

4. മുതിർന്ന തലമുറയിലെ പുരുഷ അംഗങ്ങൾക്ക് ഇപ്രകാരം നിയമങ്ങളും നിർദേശങ്ങളും നടപ്പിലാക്കാൻ അധികാരമുണ്ടെന്നും അവരുടെ പിൻതലമുറകളും സ്ത്രീ ജനങ്ങളും ഇവ അനുസരിക്കാൻ ബാധ്യസ്ഥരാണെന്നും ആജീവനാന്തം വേണ്ട ഉത്പന്ന സേവനങ്ങൾ സ്വമേധയാ ഉത്പാദിപ്പിച്ച് ഉപഭോഗിക്കാനാവാത്ത മനുഷ്യർ വസിക്കുന്ന എല്ലാ ദേശത്തും അനിവാര്യമായ പൊതു നിയമാവലിയിലൂടെ [Constitution] സ്ഥാപിച്ചെടുക്കുക

*ഈ അന്യായ നിബന്ധനകൾ ഒന്നൊന്നായി പ്രാബല്യത്തിൽ വന്നതോടു കൂടി പിൻതലമുറകളുടെ പ്രവർത്തി-സമയങ്ങൾ അതാതു സമയങ്ങളിലെ അവരുടെ മുതിർന്ന തലമുറകളുടെ സമ്പൂർണ്ണ നിയന്ത്രണത്തിലായി. കൂടാതെ ഓരോ കാലഘട്ടത്തിലെയും Working Age-ലുള്ള വർക്ക് അവരുടെ പ്രവർത്തി-സമയങ്ങൾ നിലനിൽക്കുന്ന ATWT on ED-യിലേക്ക് നൽകി ആജീവനാന്തം വേണ്ട ഉത്പന്ന സേവനങ്ങൾ സ്വതന്ത്രമായി കണ്ടെത്താനുള്ള അവസരം ഇല്ലാതെയുമായി, ആ ജൈവീക സാധ്യത വികസിക്കാതെയുമായി.*

മേൽപ്പറഞ്ഞ ഈ നാലു സമ്പ്രദായങ്ങളെക്കുറിച്ചും അവയുടെ അനുബന്ധ സമ്പ്രദായങ്ങളെക്കുറിച്ചും ലഭ്യമായ മനുഷ്യ ചരിത്ര ഗ്രന്ഥങ്ങൾ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

- ഓരോ വ്യക്തിയും അവരുടെ പേരിൽ സ്വന്തമാക്കിവച്ച വിവരങ്ങൾ, വിഭവങ്ങൾ, ഉത്പന്നങ്ങൾ, സേവനങ്ങൾ എന്നിവ നൽകി, മറ്റു വ്യക്തികൾ ഇപ്രകാരം സ്വന്തമാക്കിവച്ച ഇവ, വാങ്ങുന്ന സമ്പ്രദായങ്ങൾ 6000 BCE-മുതൽ ലോകത്ത് നിലനിന്നിരുന്നു. -ഇത് BARTER SYSYTEM എന്ന പേരിൽ അറിയപ്പെടുന്നു.

- Working Age - കാരുടെ ഉടമസ്ഥാവകാശം ബലമായി സ്ഥാപിച്ചുവക്കുകയും ഇവരെ ഉപയോഗിച്ച് ഉത്പന്ന-സേവനങ്ങൾ നിർമ്മിച്ച് ഉപഭോഗിക്കുകയും ചെയ്യുന്ന സമ്പ്രദായം 5000BCE മുതൽ 1948 CE-വരെ ലോകത്തു നിലനിന്നിരുന്നു. -ഇത് SLAVERY SYSYTEM എന്ന പേരിൽ അറിയപ്പെടുന്നു.

- പുരുഷന്മാർക്ക് സ്വന്തം സന്തതികളെ സൃഷ്ടിക്കാൻ ഒന്നോ അധിലധികമോ സ്ത്രീകളുടെ മേൽ അവകാശം സ്ഥാപിച്ചുവക്കാൻ അനുവദിക്കുകയും ഇവർ ഇതര പുരുഷന്മാരുമായി സഹവസിക്കുന്നത് നിരോധിക്കുകയും ചെയ്തിരുന്ന സമ്പ്രദായം 3000 BCE മുതൽ നിലനിന്നിരുന്നു.-ഇത് MARRIAGE SYSTEM എന്ന പേരിൽ അറിയപ്പെടുന്നു. [ചരിത്രകാരന്മാരും നരവംശശാസ്ത്രന്ജരും ഈ സാമൂഹിക സംവിധാനം 8000-4500BCE- [Neolithic period] മുതൽ നിലനിൽക്കുന്നുണ്ട് എന്നു അഭിപ്രായപ്പെടുന്നുണ്ടെങ്കിലും രേഖപ്പെടുത്തിയ തെളിവുകൾ 3000 BCE- മുതലാണ് ലഭ്യമായിരിക്കുന്നത്.

- തലമുറകൾ പലതു പിന്നിട്ടപ്പോൾ മനുഷ്യർ, അനുകൂല കാരണങ്ങളാൽ അംഗസംഖ്യ വർദ്ധിക്കുകയും, ഉപഭോഗ ആവശ്യങ്ങൾ വിപുലീകരിക്കുകയും, ഒരു പ്രദേശത്തു നിന്ന് പല പ്രദേശങ്ങളിലേക്ക് വിഭവങ്ങൾ അന്വേഷിച്ച് സംഘങ്ങളായി കുടിയേറുകയും ചെയ്തിരുന്നു. അപ്പോഴും അവർ ഈ സമ്പ്രദായങ്ങൾ തന്നെ പിന്തുടരുകയും ചെയ്തിരുന്നു.

- 3000 BCE-മുതൽ മനുഷ്യർ, വിവരങ്ങൾ വിഭവങ്ങൾ ഉത്പന്ന-സേവനങ്ങൾ എന്നിവക്ക് സാങ്കൽപ്പികമായി സംഖ്യാ മൂല്യങ്ങൾ നിശ്ചയിക്കാൻ തുടങ്ങുകയും, ഇവ വിനിമയം ചെയ്യാൻ രേഖകളേയും “പണത്തെയും” ആശ്രയിക്കുകയും ചെയ്തിരുന്നു.

- ഏകദേശം 1700 CE മുതൽ മുതിർന്ന തലമുറയിലെ അംഗങ്ങൾ, വിവരങ്ങൾ വിഭവങ്ങൾ ഉത്പന്ന-സേവനങ്ങൾ എന്നിവ പിൻതലമുറകൾക്കു നൽകുമ്പോൾ ഉത്പന്നങ്ങളോ സേവനങ്ങളോ പ്രതിഫലമായി ആവശ്യപ്പെടുന്നതിനു പകരം, അവർ വസിച്ചിരുന്ന “രാജ്യത്തിന്റെ പേരിലുള്ള പണം” എന്ന പൊതു വിനിമയ ഉപാധി പ്രതിഫലമായി ആവശ്യപ്പെടാൻ തുടങ്ങിയിരുന്നു.

പിന്നിട്ട ഈ കാലഘട്ടങ്ങളിൽ, പ്രവർത്തി-സമയം എന്ന ജൈവീക പൊതു ഉപാധിയെ 'പണം' എന്ന രാജ്യം അംഗീകരിച്ച, പൊതുവിനിമയ ഉപാധിയാക്കി മാറ്റിയത് എങ്ങിനെ എന്നാണ് ഇനി പരിശോധിക്കുന്നത്. അത് അഞ്ചു ഭാഗങ്ങളായി താഴെ വിവരിക്കുന്നു:

1. ഒരു രാജ്യത്തെ മുതിർന്ന തലമുറയിലെ പുരുഷ അംഗങ്ങൾ, പണ്ട് ഭയപ്പെടുത്തിയും ബലം പ്രയോഗിച്ചും, അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചും ഒറ്റക്കും സംഘമായും ഉടമസ്ഥാവകാശം സ്ഥാപിച്ചുവച്ച ഉത്പന്നങ്ങൾ സേവനങ്ങൾ വിദ്യാഭ്യാസം വിഭവങ്ങൾ എന്നിവക്ക് സാങ്കൽപ്പികമായി സംഖ്യാ മൂല്യങ്ങൾ നിശ്ചയിക്കുന്നു.

2. Working Age -ലെ അംഗങ്ങൾ അവരുടെ പ്രവർത്തി-സമയങ്ങൾ വിനിയോഗിച്ച്, ഉത്പന്ന-സേവനങ്ങൾ നിർമ്മിക്കുമ്പോൾ, ഈ ഉത്പന്ന-സേവനങ്ങൾ അവരുടെ മുതിർന്ന തലമുറയിലെ അംഗങ്ങൾ സ്വന്തം ഉടമസ്ഥതയിൽ തന്നെ നിലനിർത്തുകയും, നിശ്ചിത സംഖ്യകൾ എഴുതിയ രേഖകൾ പ്രവർത്തി സമയങ്ങൾക്കുള്ള വേതനമായി നൽകുകയും ചെയ്യുന്നു.

3. ഈ രേഖയിലെ സംഖ്യകളെയും അവയുടെ മൂല്യങ്ങളെയും [UNITS] അതാതു രാജ്യത്തെ ഭരണാധികാരികൾ (President/ Governor/ King.etc.) ഒപ്പിട്ട് അംഗീകരിക്കുന്നു. ഇത് ആ രാജ്യത്തിന്റെ പണമാണെന്നും, ജനങ്ങൾക്ക് ആജീവാനാന്തം ഉത്പന്ന-സേവനങ്ങൾ ലഭിക്കാൻവേണ്ട പൊതുവിനിമയ ഉപാധിയാണെന്നും ഭരണഘടനയിലൂടെ നിർദ്ദേശിക്കുന്നു.

4. അവിടെ ജനിക്കുന്ന എല്ലാ പൗരന്മാരും, അവരുടെ മുതിർന്ന തലമുറയിലെ അംഗങ്ങൾക്ക് ഈ പണം തുല്യമൂല്യത്തിൽ നൽകി വിദ്യാഭ്യാസം "യോഗ്യതാ പത്രങ്ങളുടെ" (Certificates of Eligibility) രൂപത്തിലും, വിഭവങ്ങളും, ഉത്പന്ന-സേവനങ്ങളും "അവകാശ പ്രമാണങ്ങളുടെ" (Documents of Ownership) രൂപത്തിലും, സ്വന്തം പേരിൽ രേഖാമൂലം നേടിയെടുക്കണം എന്നും ആ ഭരണഘടന നിഷ്ക്കർഷിക്കുന്നു.

5. ഈ പണം തുല്യമൂല്യത്തിൽ നൽകി അനുബന്ധ രേഖകൾ പ്രകാരം സ്വന്തം പേരിലാക്കാതെ ആരെങ്കിലും വിദ്യാഭ്യാസവും വിഭവങ്ങളും ഉപയോഗിക്കുകയോ ഉത്പന്നങ്ങളും സേവനങ്ങളും ഉപഭോഗിക്കുകയോ ചെയ്താൽ അവർക്ക് വകുപ്പുകൾ തിരിച്ച് ഭരണഘടനയിൽ എഴുതിവച്ച ശിക്ഷയും നൽകുന്നു.

സമയം എന്ന പ്രക്രിയയിൽ ജന്മം കൊണ്ട നാം അതിലെ നിയമങ്ങൾ പാലിക്കുന്നതിനു പകരം പ്രസ്തുത പ്രാകൃത കാല നിബന്ധനകൾ അടങ്ങിയ രാജ്യത്തെ ഭരണഘടന പാലിക്കേണ്ടി വരുമ്പോൾ എപ്രകാരമാണ് അതിജീവനത്തിന്റെ അടിസ്ഥാന കാര്യങ്ങൾ ഇന്നു നടപ്പിലാക്കുന്നത് എന്നും, ATWT on ED എന്ന പ്രക്രിയയെ എങ്ങിനെയാണ് നിലനിർത്തുന്നത് എന്നുമാണ് ഇനി പരിശോധിക്കുന്നത് :-

- രാജ്യത്തു ജനിക്കുന്ന കുട്ടികൾക്ക് പ്രായപൂർത്തിയാകും വരെ വേണ്ട ഉത്പന്നങ്ങൾ, സേവനങ്ങൾ, വിദ്യാഭ്യാസം എന്നിവ നൽകുമ്പോൾ, അവരുടെ രക്ഷിതാക്കൾക്കും അപ്പോഴത്തെ ഭരണാധികാരികൾക്കും, ഇവയുടെ ഉടമസ്ഥാവകാശം സംഖ്യാമൂല്യത്തിൽ സ്ഥാപിച്ചുവച്ച മുതിർന്ന തലമുറയിലെ അംഗങ്ങൾക്ക്, ഇതിനു നിശ്ചയിച്ച വില തുല്യമൂല്യത്തിൽ-*രാജ്യത്തിന്റെ പേരിലുള്ള* -പണമായി പ്രതിഫലം നൽകേണ്ടി വരുന്നു.

- ഈ കുട്ടികൾ Working age –ൽ എത്തിയതിനു ശേഷം ഉത്പന്ന-സേവനങ്ങൾ നിർമ്മിക്കാൻ വേണ്ടി വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ, അതിനു നിശ്ചയിച്ച മൂല്യവും പണമായി തന്നെ ഇവയുടെ ഉടമസ്ഥർക്ക് തുല്യ മൂല്യത്തിൽ പ്രതിഫലമായി നൽകേണ്ടി വരുന്നു.

- രാജ്യത്തെ മുതിർന്ന തലമുറയിലെ അംഗങ്ങളിൽ നിന്നും തുല്യ മൂല്യത്തിൽ പണം നൽകി വാങ്ങിയ വിദ്യാഭ്യാസവും വിഭവങ്ങളും ഉപയോഗിച്ച് Working age -ലുള്ളവർ സംഘം ചേർന്ന് നിർമ്മിക്കുന്ന വിവിധ ഉത്പന്ന-സേവനങ്ങൾ എന്നിവ ഉപഭോഗിക്കാനായി അവർക്ക് അതിനു നിശ്ചയിച്ച വിലയും, പണമായിത്തന്നെ പ്രതിഫലം നൽകേണ്ടി വരുന്നു.

- രാജ്യത്തിന്റെ അതാതു സമയങ്ങളിലെ ഭരണാധികാരികൾ രാഷ്ട്ര നിർമ്മാണം എന്ന പ്രക്രിയക്ക് വേണ്ടി ഈ ഘടകങ്ങൾ [*വിദ്യാഭ്യസം വിഭവം ഉത്പന്ന-സേവനങ്ങൾ]* ഉപയോഗിക്കുമ്പോൾ, രാജ്യത്തെ പൗരന്മാരുടെ പണത്തിൽ നിന്നും നിശ്ചിത വിഹിതങ്ങൾ നികുതിയായി സ്വരൂപിച്ച് ആ പണം, ഇവയുടെ അവകാശം സ്ഥാപിച്ചു വച്ചവർക്ക് പ്രതിഫലമായി നൽകേണ്ടി വരുന്നു.

- രാജ്യത്തെ ഭരണഘടന പണം പ്രതിഫലമായി ലഭിക്കാതെ അവിടെ പുതിയതായി ജനിക്കുന്ന കുട്ടികൾക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും വിദ്യാഭ്യാസവും വിഭവങ്ങളും നൽകരുതെന്നു നിർദേശിക്കുകയും ഇത് അവരുടെ മുതിർന്നതലമുറകൾ പാലിക്കുകയും ചെയ്യുമ്പോൾ, ഈ പ്രാകൃത വ്യവസ്ഥിതി ഒരു ചാക്രിക അവസ്ഥയിൽ നിലനിന്നു വരുകയും പണ വിനിമയത്തിലൂടെ മാത്രം അതിജീവനം നടത്താൻ ഓരോ തലമുറയും നിർബന്ധിതരാകുകയും ചെയ്യുന്നു.

ഈ ചരിത്ര അവലോകനം, ഒരു പൊതു ഉപാധിയെന്ന നിലയിൽ പണത്തിന്റെ ആവിർഭാവം മുതൽ ആധുനിക ഉപയോഗരീതി വരെ വിവരിക്കുന്നു.

തികച്ചും അധാർമ്മീകവും അപ്രായോഗീകവും ഏകപക്ഷീയവുമായ സംവിധാനത്തിലൂടെ രൂപം കൊണ്ട "പണം" നിയമപരമായി അംഗീകരിച്ച ഒരു പൊതു വിനിമയ ഉപാധിയായി മാറുമ്പോൾ അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ ആഴത്തിലുള്ളതായിരിക്കും.

ഈ വികലമായ അടിത്തറയിൽ നിന്നുമാണ് നമ്മുടെ സമ്പദ്ഘടനകളും നിയമ വ്യവസ്ഥകളും സാമൂഹിക കാഴ്ചപാടുകളും രൂപം കൊണ്ടിരിക്കുന്നത്.

ആയതിനാൽ ഈ സംവിധാനത്തിൽ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, വിദ്യാഭ്യാസം, വിഭവങ്ങൾ എന്നിവയുടെ വിതരണവും സംരക്ഷണവും മാത്രമല്ല, മനുഷ്യരാശിയുടെ തന്നെ നിലനിൽപ്പിനെയും അന്തസ്സിനേയും ഇത് എങ്ങനെ ബാധിക്കുന്നുവെന്നാണ് ഇനി പരിശോധിക്കുന്നത്.